# ബി.ടി. കോട്ടൺ സർവ്വനാശത്തിന്റെ വിപത്ത്

**സ്വന്തം ലേഖകൻ**

തകർന്നടിയുന്ന കാർഷിക സമ്പദ് വ്യവസ്ഥയിൽ ആത്മഹത്യ ചെയ്യുന്ന അനേകം കർഷകർക്ക് രക്ഷാമാർഗ്ഗമായി കാർഷികരംഗത്തെ വിചക്ഷണന്മാർ അവതരിപ്പിച്ച ബി.ടി. കോട്ടൺ സർവനാശത്തിന്റെ വിത്തായി പരിണമിക്കുന്നു. ഹരിതവിപ്ലവത്തിന്റെയും പുത്തൻ സാമ്പത്തിക നയങ്ങളുടെയും ഇരകളായവർക്ക് ജൈവസാങ്കേതികവിദ്യ സഹായകമാകുമെന്ന് ആർ. ഗോപിമണി മുതൽ എം.എസ്. സ്വാമിനാഥൻ വരെയുള്ളവർ വിധിയെഴുതിയിരുന്നു. എന്നാൽ മദ്ധ്യപ്രദേശിലെ ഗാർനോൺ ജില്ലയിൽ വിളവിറക്കിയ ബി.ടി. കോട്ടൺ എന്നയിനം പരുത്തി നൂറുശതമാനവും നശിച്ചിരിക്കുന്ന ദുരന്തമാണ് കർഷകനെ ഇപ്പോൾ തളർത്തിയിരിക്കുന്നത്. കടുത്ത വരൾച്ച മൂലം നാടൻ പരുത്തിയിനങ്ങൾക്കും ഇരുപതു ശതമാനം വരെ വിളനാശമുണ്ടായി.

മാർച്ച് 2002 ലാണ് ഇന്ത്യയിൽ ഈ വിത്തുകൾ കൃഷി ചെയ്യാൻ ജി.ഇ.എ.സി (ജനറ്റിക് എഞ്ചിനീയറിംഗ് അപ്രൂവൽ കമ്മറ്റി)യുടെ അനുമതി ലഭിച്ചത്. എന്നാൽ അതിനും ഒരു വർഷം മുമ്പുതന്നെ ഗുജറാത്തിൽ 10,000 ഏക്കർ സ്ഥലത്ത് ഇത് കൃഷിചെയ്തു തുടങ്ങിയിരുന്നു. ഇതു നശിപ്പിക്കാൻ കമ്മിറ്റി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആരും അത് നടപ്പാക്കിയില്ല. അമേരിക്കൻ ബഹുരാഷ്ട്ര വിത്തുകമ്പനിയായ മൊൺ

(ശേഷം പേജ് 4)

# ബി.ടി. കോട്ടൺ
## (പേജ് 1 തുടർച്ച)

സാന്റോക്ക് 27 ശതമാനം ഓഹരിയുള്ള മഹികൊ(മഹാരാഷ്ട്രാ സർക്കാരിനും പങ്ക്) എന്ന സ്ഥാപനം ഈ മാർച്ചിൽ അംഗീകൃത കൃഷി തുടങ്ങിയപ്പോൾ സേം എന്ന കീടത്തിനെ പ്രതിരോധിക്കാൻ ശേഷിയുണ്ടെന്നാവകാശപ്പെട്ടുകൊണ്ടാണ് ഈ വിത്തു വിതരണം ചെയ്തത്. ഇതു വഴി കീടനാശിനിക്കുള്ള ചെലവു കുറയുമെന്നും പ്രചരിപ്പിച്ചു

പ്രചരണത്തിന്റെ ശക്തിയാണ്, യഥാർത്ഥഫലമല്ല ബി.ടി. കോട്ടൺ വിത്തിന്റെ മേന്മയെന്ന് അനുഭവം കാണിക്കുന്നു. കടം നൽകണമെങ്കിൽ ഈ വിത്ത് തന്നെയിറക്കണം തുടങ്ങിയ നിർബന്ധങ്ങളും ഈ കൃഷിയെ വളർത്താൻ സഹായിച്ചു. നിയമവിരുദ്ധമായി കഴിഞ്ഞവർഷം കൃഷി ചെയ്ത പരുത്തിക്കമ്പോളത്തിൽ കുറഞ്ഞ വിലക്കെത്തിയതോടെ പഴയ കർഷകർ അവതാളത്തിലായി. തട്ടിപ്പുകമ്പനികൾ 'നവഭാരത് 151' തുടങ്ങിയ പേരുകളിൽ ഇതിന്റെ വിത്തുകൾ കമ്പോളത്തിലെത്തിച്ചു. ഈ പരുത്തി ഉപയോഗിച്ച് ചില ഖാദി യൂണിറ്റുകളുണ്ടാക്കിയ തുണികൾ ധരിച്ചവർക്ക് ശരീരത്തിൽ ചൊറിയും വ്രണങ്ങളുമുണ്ടായി.

സർക്കാറിന്റെ നിഷ്ക്രിയത്വമാണ് ഏറെ അപലപനീയം. ഒരു പുതിയ വിത്തിനം വരുമ്പോൾ ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച നടത്തുകയെന്ന പതിവില്ല. പ്രത്യേകിച്ചും ഇതേറ്റവും ബാധിക്കുന്ന കർഷകർ. അവർ വഞ്ചിക്കപ്പെടുകയായിരുന്നു. (ഇങ്ങിനെ രഹസ്യമായി ചെയ്യുന്നതിനും കാരണമുണ്ട്. ഈ വിവരങ്ങൾ മുഴുവൻ ചർച്ച ചെയ്ത ആന്ധ്രയിലെ മേഡക്കിലും കർണാടകയിലെ ചിത്രദുർഗയിലും ജി.എം വിത്തുകളെ എല്ലാ കർഷകരും ബഹിഷ്കരിച്ചു)വിത്ത് കമ്പനിയെത്തന്നെ ഏല്പിക്കുക എന്ന പരിഹാസ്യമായ സംഭവവുമുണ്ടായി.

ലോകത്തിന്റെ പല ഭാഗത്തു നിന്നും ഈ വിത്തുകളുടെ ദോഷകരമായ അനുഭവങ്ങളുടെ റിപ്പോർട്ടുകൾ പുറത്തുവരുന്നുണ്ട്.

വാനിലയും വാഴയും ഓർക്കിഡും മറ്റുമായി നാമറിയാതെ കേരളത്തിലും ഇത്തരം വിത്തുകൾ കടന്നു വരുന്നുണ്ടത്രേ! ഒരു പക്ഷെ എല്ലാം നശിച്ച ശേഷമായിരിക്കും നാമിതറിയുക.